പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3594 12.12.2014 - ൽ മറുപടിയ്ക്ക്

**സാമൂഹിക നീതി വകുപ്പ് ദിനാഘോഷം**

ചോദ്യം

ശ്രീമതി. കെ.എസ്. സലീഖ

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാസർഗോഡ് മുനിസിപ്പൽ സ്റ്റേഡിയത്തിൽ 2014 നവംബർ 23 ന് സമാപിച്ച സാമൂഹിക നീതി വകുപ്പ് ദിനാഘോഷത്തിന് വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികളിൽ നിന്നും എത്ര തുക വീതം സമാഹരിച്ചു; ഏതൊക്കെ ഏജൻസികളിൽ നിന്നും എത്ര തുക വീതം സമാഹരിച്ചു; വിശദാംശം ലഭ്യമാക്കുമോ; | (എ) | കാസർഗോഡ് മുൻസിപ്പൽ സ്റ്റേഡിയത്തിൽ 2014 നവംബർ 23 ന് സമാപിച്ച സാമൂഹ്യനീതി വകുപ്പ് ദിനാഘോഷത്തിന് വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികളായ കേരള സാമൂഹ്യ സുരക്ഷാ മിഷൻ, കേരള സംസ്ഥാന വനിതാ കമ്മീഷൻ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും 7 ലക്ഷം രൂപ വീതം 17.11.2014 ലെ സ.ഉ.(സാധാ)നം. 678/14/സാനീവ നമ്പർ ഉത്തരവ് പ്രകാരം സമാഹരിക്കുകയുണ്ടായി. |
| (ബി) | കമാനങ്ങൾ ഉൾപ്പെടെയുള്ള ഏതൊക്കെ കാര്യങ്ങൾക്കായി വകുപ്പ്എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കുമോ; | (ബി) | കമാനങ്ങൾ ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾക്കായി 27.11.2014 വരെ 21,95,204/- രൂപ ചെലവഴിച്ചു. |
| (സി) | വകുപ്പ് ഏതൊക്കെ ക്ഷേമ പെൻഷനുകളിൽ എത്ര മാസത്തെ കുടിശ്ശികയാണ് വരുത്തിയിട്ടുള്ളതെന്നും ഇത്തരത്തിലുള്ള ധൂർത്ത് ഒഴിവാക്കി കുടിശ്ശിക തുക ഉടനടി നൽകാൻ ആവശ്യമായ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ? | (സി) | സാമൂഹ്യനീതി വകുപ്പ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന വിതരണം ചെയ്യുന്ന വികലാംഗ പെൻഷൻ, അഗതി/വിധവ പെൻഷൻ, വാർദ്ധക്യകാല പെൻഷൻ, 50 വയസ്സിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ എന്നിവ 2014 ആഗസ്റ്റ് മാസം വരെ വിതരണം നടത്തിയിട്ടുണ്ട്. 2014 സെപ്റ്റംബർ മുതലുള്ള 3 മാസത്തെ പെൻഷൻ കുടിശ്ശിക ഉപധനാഭ്യർത്ഥനയിലൂടെ ഫണ്ട് ലഭ്യമാക്കി വിതരണം നടത്തുന്നതാണ്. |

**സെക്ഷൻ ഓഫീസർ**